# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# ഇടയബാലനായ ദാവീദ്



എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

വളരെക്കാലം മുമ്പ്, ഇസ്രായേലിന്റെ രാജാവായ ശൗലിന്റെ കാലത്ത് ദാവീദ് എന്നൊരു ബാലൻ തന്റെ ഏഴു



... അവരുടെ പിതാവിന്റെ ആടുകളെ മേയിക്കുന്നതിൽ സഹായിച്ചിരുന്നു. ഏറ്റവും ഇളയവനെങ്കിലും ദൈവത്തെ ...



... സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്ത ശക്തനും സമർത്ഥനുമായ ഒരാൺകുട്ടിയായിരുന്നു ദാവീദ്.



ഒരിക്കൽ ഒരു സിംഹം ആട്ടിൻ കൂട്ടത്തെ ആക്രമിച്ച് അത്താഴം കഴിക്കാൻ നോക്കി. ബാലനായ ദാവീദ് ഈ ആക്രമണകാരിയെ ആക്രമിച്ചു. ആട്ടിൻ കുട്ടിയെ പിടിച്ചു വലിച്ചു ...



... മാറ്റിക്കൊണ്ട് അലറുന്ന സിംഹത്തിന്റെ താടിരോമത്തിൽ കൂട്ടിപ്പിടിച്ച് അവൻ അതിനെ കൊന്നു. ദാവീദിനു അറിയാമായിരുന്നു അവനെ സഹായിച്ചത് ദൈവമാണെന്ന്.



രാജാവായ ശൗൽ ദൈവത്തോടു ഏറ്റവും അവിശ്വസ്തനായതിൽ ദൈവത്തിന്റെ പ്രവാചകനായ ശമൂവേൽ ഇപ്പോഴും വളരെ ദുഃഖിതനായിരുന്നു.



“നീ ശൗലിനെക്കുറിച്ച് എത്രത്തോളം ദുഃഖിക്കും?” ദൈവം ശമൂവേലിനെ വഴക്കുപറഞ്ഞു. “ഞാൻ നിന്നെ യിശ്ശായിയുടെ അടുക്കലേക്ക് ...



അയക്കുകയാണ്... അവന്റെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു.”

യിശ്ശായി ദാവീദിന്റെ പിതാവായിരുന്നു. മറ്റൊരു രാജാവിനെ കണ്ടെത്താൻ ...




...പോകുന്നുവെന്ന് അറിഞ്ഞാൽ
ശൗൽരാജാവ് തന്നെ
കൊല്ലാൻ ശ്രമിക്കും എന്ന്
അറിയാമായിരുന്നിട്ടും
പ്രവാചകനായ ശമൂവേൽ
ദൈവത്തെ
അനുസരിച്ചു.



ശമൂവേൽ എത്തിയപ്പോൾ, യിശ്ശായി തന്റെ ഏഴു പുത്രന്മാരെ അവന്റെ മുമ്പിൽ ഹാജരാക്കി. “യഹോവ ഇവരെ തിരഞ്ഞെടുത്തിട്ടില്ല” എന്നു ശമൂവേൽ യിശ്ശായിയോട് പറഞ്ഞു. അങ്ങനെ ഏറ്റവും ഇളയവനായ ദാവീദ് മാത്രം ശേഷിച്ചു.



അവൻ ആടുകളെ മേയ്ക്കയായിരുന്നു. അവർ ദാവീദിനെ വരുത്തി. അപ്പോൾ യഹോവ: “എഴുന്നേറ്റ് ഇവനെ അഭിഷേകം ചെയ്യുക; ഇവൻ തന്നേ ആകുന്നു” എന്നു കല്പിച്ചു.

ശൗലിന്റെ കൊട്ടാരത്തിൽ യഹോവയുടെ
ആത്മാവ് ശൗലിനെ
വിട്ടുമാറി.
അവൻ ആകെ
അസ്വസ്ഥനായി.
സംഗീതം
കേട്ടാൽ
ശൗലിന്റെ
മനസ് ...



... ശാന്തമായേക്കുമെന്ന് അവന്റെ ഭൃത്യന്മാർ വിചാരിച്ചു. ഒരു ചെറുപ്പക്കാരൻ നന്നായി കിന്നരം വായിക്കുമെന്ന് ഒരു ഭൃത്യന് അറിയാമായിരുന്നു. ആ ചെറുപ്പക്കാരൻ ആരാണെന്ന് ഊഹിക്കാമോ? അതേ, ദാവീദു തന്നേ.



ദാവീദിന്റെ സംഗീതം ശൗലിനെ ശാന്തമാക്കുകയും ശരിക്ക് ചിന്തിക്കുവാൻ അവനെ സഹായിക്കുകയും ചെയ്തു. ദാവീദ് രാജാവിന്റെ സേവനത്തിൽ കഴിയാൻ അനുവദിക്കണമെന്നു ശൗൽ യിശ്ശായിയോട് ആളയച്ചു പറയിച്ചു.



എപ്പോഴെങ്കിലും
ശൗലിന് ബാധയുണ്ടായി
മനസ്സിടിയുകയോ
ഭീതിപ്പെടുകയോ
ചെയ്താൽ ദാവീദ്
കിന്നരം വായിച്ചു
കേൾപ്പിക്കും.
അതവന്
ആശ്വാസം
കൊടുക്കും.



ദാവീദ് വീട്ടിൽ പോയതിനുശേഷം ശൗലിനു ഫെലിസ്ത്യരുമായി ഒരു വലിയ യുദ്ധം ഉണ്ടായി. ദാവീദിന്റെ സഹോദരന്മാർ ശൗലിന്റെ സൈന്യത്തിൽ യുദ്ധം ചെയ്തു. സഹോദരന്മാർക്ക് ഭക്ഷണം കൊടുക്കുവാനും അവരുടെ ക്ഷേമം അന്വേഷിക്കുവാനും യിശ്ശായി ദാവീദിനെ യുദ്ധപാളയത്തിലേക്ക് അയച്ചു.



ഗോല്യാത്ത് എന്നു പേരുള്ള അതിഭീമനായ ഒരു മല്ലൻ യിസ്രായേല്യ പടയാളികളെ ഭയപ്പെടുത്തി.





“നിങ്ങൾ ഒരുത്തനെ
തിരഞ്ഞെടുത്തുകൊൾവിൻ;
അവൻ എന്റെ അടുക്കൽ
ഇറങ്ങിവരട്ടെ,”
ഗോല്യാത്ത്
ഉച്ചത്തിൽ
വിളിച്ചുപറഞ്ഞു.

“എന്നോട് പൊരുതി എന്നെ കൊന്നാൽ ഞങ്ങൾ നിങ്ങൾക്ക് അടിമകളാകും. ഞാൻ അവനെ കൊന്നാൽ നിങ്ങൾ ഞങ്ങൾക്ക് അടിമകളായി ഞങ്ങളെ സേവിക്കണം”.



ആ രാക്ഷസനെ കണ്ടപ്പോൾ ഇസ്രായേലിലെ പുരുഷന്മാർ ഭ്രമിച്ച് ഏറ്റവും ഭയപ്പെട്ട് ഓടിയൊളിച്ചു.



ദാവീദ് ശൗലിനോട് പറഞ്ഞു: “ഇവന്റെ
നിമിത്തം ആരും ഭയപ്പെടേണ്ടാ. അടിയൻ
ചെന്ന് ഈ ഫെലിസ്ത്യനോട് അങ്കം
പൊരുതും.” ദാവീദ് ഒരു പടച്ചട്ട അണിഞ്ഞു
വാളു പിടിച്ചും പോകുവാൻ ശൗൽ
ആവശ്യപ്പെട്ടു. എന്നാൽ ദാവീദ് കവിണയും
തോട്ടിൽനിന്നു മിനുസമുള്ള
അഞ്ചു കല്ലും
എടുത്ത്
മുന്നോട്ടു
ചെന്നു.



ബാലനായ ദാവീദ് ഒരു പടച്ചട്ടപോലും ധരിക്കാതെയാണ് വരുന്നതെന്ന് കണ്ടപ്പോൾ ഗോല്യാത്ത് ചിരിച്ചു.



"നിന്റെ മാംസം ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും ഇരയാക്കുന്നുണ്ട്,"

...

... അവൻ ആക്രോശിച്ചു. “ഞാൻ യഹോവയുടെ നാമത്തിൽ വരുന്നു” എന്ന് ദാവീദ് ഉത്തരം പറഞ്ഞു.



“യഹോവ ഇന്നു നിന്നെ എന്റെ കയ്യിൽ ഏല്പിക്കും... യുദ്ധം യഹോവയ്ക്കുള്ളത്.”



എന്നിട്ട് ദാവീദ് ഗോല്യാത്തിനു നേരെ ഓടി. ഓടുമ്പോൾ തന്നെ ഒരു കല്ല് കവിണയിൽ വെച്ചു വീശി ഒരേറു കൊടുത്തു–കൃത്യം ഗോല്യാത്തിന്റെ നെറ്റിക്കു കൊണ്ടു. ഗോല്യാത്ത് കവിണ്ണുവീണു!



ദാവീദ് അതിവേഗം ഗോല്യാത്തിന്റെ വാൾ വലിച്ചൂരി അവന്റെ തല വെട്ടിയെടുത്തു. ഗോല്യാത്ത് മരിച്ചുവെന്ന് ഫെലിസ്ത്യർ കണ്ടപ്പോൾ അവർ ജീവനുംകൊണ്ട്ഓടി.



കിന്നരം വായിച്ചു തന്റെ അസുഖത്തിനു ഭേദം വരുത്തിയ ദാവീദു തന്നെയാണ്



ഇതെന്ന് ശൗൽ ഓർത്തില്ല. അവൻ ദാവീദിനു തന്റെ സൈന്യത്തിന്റെ ചുമതല കൊടുത്തു. എന്നിട്ട് ദാവീദു നേടിയ വിജയങ്ങളിൽ ...

... ജനങ്ങൾ അവനെ ബഹുമാനിച്ചപ്പോൾ ശൗലിന് അസൂയയുണ്ടായി. “ഇനി



രാജത്വമല്ലാതെ അവനു കിട്ടുവാൻ എന്തുണ്ട്?” ശൗൽ ചിന്തിച്ചു. ആ ദിവസം മുതൽ ശൗൽ ദാവീദിനെ



ഒരു നോട്ടപ്പുള്ളിയാക്കി.

വീണ്ടും ശൗലിന്റെ മേൽ ദുരാത്മാവു വന്നു. ദാവീദ് കിന്നരം വായിച്ച് അവനു ഭേദം വരുത്തുവാൻ നോക്കി. മൂന്നു തവണ ശൗൽ ദാവീദിന്റെ നേർക്ക് കുന്തം എറിഞ്ഞു. ഓരോ തവണയും ദാവീദ് രക്ഷപ്പെട്ടു.



ശൗലിനു ദാവീദിനെ ഭയമായിരുന്നു.
എന്തുകൊണ്ടെന്നാൽ അവനറിയാമായിരുന്നു
യഹോവ ദാവീദിനോടുകൂടെയുണ്ടെന്ന്.
എന്നാൽ
യഹോവ
ശൗലിനെ
ഉപേക്ഷിച്ചു.



എന്നാൽ ശൗലിന്റെ മകനായ യോനാഥാൻ ദാവീദിനെ ഒരു സഹോദരനെപ്പോലെ സ്നേഹിച്ചു. “എന്റെ പിതാവ് നിന്നെ കൊല്ലുവാൻ നോക്കുകയാണ്,” അവൻ ദാവീദിനു മുന്നറിയിപ്പ് കൊടുത്തു. അതുകൊണ്ടു ദാവീദു



അവിടെ നിന്നു രക്ഷപ്പെട്ടു.

ഒരു ദിവസം പാതിരാത്രിക്ക് ദാവീദിന്റെ ഭാര്യ ഒരു ബിംബം എടുത്തു കട്ടിലിൽ പുതപ്പിച്ച് കിടത്തിയിട്ട് കിളിവാതിലിൽക്കൂടെ രക്ഷപ്പെടാൻ അവനെ സഹായിച്ചു.



ശൗലിന്റെ ആളുകൾ രാവിലെ ദാവീദിനെ പിടിക്കാൻ വന്നപ്പോഴേക്കും അവൻ പോയിക്കഴിഞ്ഞിരുന്നു.



ശൗലിൽനിന്നു വളരെയകലെ ദാവീദ്
ഓടിപ്പോയി. പോകുന്നതിനുമുമ്പ് അവനും
യോനാഥാനും ഒരു ഉടമ്പടിചെയ്തു.



അവർ എല്ലായ്പ്പോഴും പരസ്പരം സഹായിക്കുമെന്ന് ഇരുവരും വാഗ്ദത്തം ചെയ്തു.



ഖേദത്തോടെ രണ്ടു സുഹൃത്തുക്കളും വിടപറഞ്ഞു. ശൗലിന്റെ പടയാളികൾ തന്നെ കണ്ടുപിടിക്കാതെ കഴിയാനുള്ള ഒരിടം തേടി ദാവീദ് പുറപ്പെട്ടു.



ഇടയബാലനായ ദാവീദ്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 ശമൂവേൽ 16–20

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16